<u>15 -ാം കേരള നിയമസഭ</u>

<u>10 -ാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 119</u> <u>01-02-2024 - ൽ മറുപടിയ്ക്ക്</u>

## <u>ഗ്ലോബൽ എഡ്യൂക്കേഷൻ മോണിറ്ററിംഗ് റിപ്പോർട്ട് 2023</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 2023-ലെ യുനെസ്കോ ഗ്ലോബൽ എഡ്യൂക്കേഷൻ മോണിറ്ററിംഗ് റിപ്പോർട്ടിൽ വിദ്യാഭ്യാസ മേഖലയിൽ സ്വതന്ത്ര സോഫ്റ്റ് വെയർ ഉൾപ്പെടെയുള്ള സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാനത്തിന് പ്രശംസ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് പോർട്ടലിനാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. www.unesco.org/gem-report/en എന്ന ലിങ്കിൽ റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. യുനെസ്കോ പ്രസിദ്ധീകരിച്ച 2023 ലെ ഗ്ലോബൽ എഡ്യൂക്കേഷൻ മോണിറ്ററിംഗ് റിപ്പോർട്ടിൽ കേരളത്തിൽ വിദ്യാഭ്യാസ മേഖലയിൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് 3 പ്രത്യേക പരാമർശങ്ങളുണ്ട്. ‘സഹവർത്തിത്തത്തോടെയുള്ള പ്രവർത്തനങ്ങൾ ഉള്ളടക്ക നിർമിതിയുടെ ഗുണനിലവാരവും വൈവിധ്യവും വർദ്ധിപ്പിക്കും’ എന്ന തലക്കെട്ടിനു കീഴിലാണ് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നടപ്പിലാക്കുന്ന ‘സ്കൂൾ വിക്കി’ (schoolwiki.in) പോർട്ടൽ അന്താരാഷ്ട്ര മാതൃകയായി പരാമർശിച്ചിട്ടുള്ളത്. സ്വതന്ത്ര സോഫ്റ്റ്‌വെയറായ വിക്കിമീഡിയ പ്ലാറ്റ്‌ഫോമിൽ സംസ്ഥാനത്തെ 15000-ത്തിലധികം സ്കൂളുകളെക്കുറിച്ചുള്ള ഉള്ളടക്കം പങ്കാളിത്ത രീതിയിൽ വികസിപ്പിച്ചെടുത്തതാണ് ശ്രദ്ധേയമായ നേട്ടമായി യുനെസ്കോ റിപ്പോർട്ടിൽ ഉള്ളത്.<br><br>സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ ചില രാജ്യങ്ങൾ ചാമ്പ്യൻമാരായിട്ടുണ്ട് എന്ന ശീർഷകത്തിനു കീഴിലാണ് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഡിജിറ്റൽ വിദ്യാഭ്യാസം നടത്തുന്ന മാതൃക രണ്ടാമത്തെ പരാമർശമായി അവതരിപ്പിച്ചിട്ടുള്ളത്. കേരള സർക്കാരിന്റെ സ്വതന്ത്ര സോഫ്റ്റ് വെയർ നയം എടുത്തുപറയുന്ന റിപ്പോർട്ട് കേരളത്തിലെ സ്കൂളുകളിൽ 2 ലക്ഷം ലാപ്‌ടോപ്പുകളിൽ ഏറ്റവും പുതിയ സ്വതന്ത്ര സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ വിന്യസിച്ചിട്ടുള്ള കാര്യം രേഖപ്പെടുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | മൂന്നാമത്തെ പരാമർശം ഇന്ത്യയിൽ സ്കൂളുകളിൽ ഏറ്റവും കൂടുതൽ ഇന്റർനെറ്റ് കണക്ഷനുകളുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തെ ഉൾപ്പെടുത്തിയ റിപ്പോർട്ടാണ്.<br>സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം പൊതുവിദ്യാഭ്യാസത്തിൽ ഉൾച്ചേർക്കുന്നതിൽ കേരളത്തിന് ലഭിച്ച അംഗീകാരമാണ് യുനെസ്കോ റിപ്പോർട്ടിലെ പരാമർശം. |
| (ബി) | പ്രസ്തുത പോർട്ടലിന്റെ പ്രത്യേകതകളും ഉള്ളടക്കവും വിശദമാക്കുമോ; | (ബി) | സ്വതന്ത്ര സോഫ്റ്റ് വെയറായ വിക്കിമീഡിയ പ്ലാറ്റ്ഫോമിൽ സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കൈറ്റ് സജ്ജമാക്കിയ പോർട്ടലാണ് 'സ്കൂൾ വിക്കി'. കേരളത്തിലെ എല്ലാ വിദ്യാലയങ്ങളുടെയും സഹകരണത്തോടെ സൃഷ്ടിക്കുന്ന ഒരു വിദ്യാലയ വിജ്ഞാനകോശമാണ് സ്കൂൾ വിക്കി. സ്കൂൾ വിക്കിയിൽ നിലവിൽ 1,62,264 ലേഖനങ്ങളും 54,482 ഉപയോക്താക്കളുമുണ്ട്. ഇതുവരെ 20,77,080 തിരുത്തലുകൾ സ്കൂൾ വിക്കി പോർട്ടലിൽ നടത്തിയിട്ടുണ്ട്. |
| (സി) | യുനെസ്കോ റിപ്പോർട്ട് പ്രകാരം ഏറ്റവും കൂടുതൽ ഇന്റർനെറ്റ് കണക്ഷനുള്ള സ്കൂളുകളുള്ള ഇന്ത്യൻ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളം ഉൾപ്പെട്ടിട്ടുണ്ടോ? | (സി) | ഉണ്ട്. ഇന്ത്യയിൽ സ്കൂളുകളിൽ ഏറ്റവും കൂടുതൽ ഇന്റർനെറ്റ് കണക്ഷനുകളുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തെ യുനെസ്കോയുടെ റിപ്പോർട്ടിൽ മൂന്നാമത്തെ പരാമർശമായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ